(ഡി) കൈത്തറി രംഗത്തെ ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽ നിന്നൊഴിവാക്കുന്നതുകൊണ്ടുള്ള പ്രയോജനമെന്തെന്ന് വിശദമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ഉണ്ട്.

(ബി) കൈത്തറി രംഗത്തെ ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽ നിന്നൊഴിവാക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള നിവേദനമൊന്നും ലഭിച്ചിട്ടില്ല.

(സി) കൈത്തറി തൊഴിലാളി യൂണിയനുകൾ ഈ വിഷയത്തിൽ ഒരഭിപ്രായവും ഉന്നയിച്ചിട്ടില്ല.

(ഡി) കൈത്തറി രംഗത്തെ ഫാക്ടറീസ് നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതുകൊണ്ട് കൈത്തറി തൊഴിലാളികൾക്ക് പ്രയോജനമൊന്നുമില്ല. എന്നാൽ പ്രസ്തുത നിയമത്തിൻ കീഴിൽ പ്രവർത്തിക്കുന്നതുകൊണ്ട് തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമകാര്യങ്ങളിൽ പ്രയോജനമുണ്ടാകുന്നതുമാണ്.

തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി

*9 [476] ശ്രീ. പി. ജെ. ജോയി :
,, കെ. സി. ജോസഫ് :
,, ബി. വിജയകുമാർ :
,, ജി. കാർത്തികേയൻ :
,, സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കേന്ദ്രം എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) :

(എ, ബി ആന്റ് സി) തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കേന്ദ്രത്തിൽ നിന്ന് പ്രത്യേക നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly